# പതിമൂന്നാം കേരളനിയമസഭ

## നാലാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1867</u> 22.<u>03.2012 ൽ മറുപടിക്ക്</u>

### <u>എൻഡോസൾഫാൻ സെൽ</u>

| <u>ചോദ്യം</u><br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | <u>ഉത്തരം</u><br>ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യ മന്ത്രി) | |
|---|---|---|---|
| (എ) | കാസർകോട്ടെ എൻഡോസൾഫാൻ ദുരിത നിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും അവലോകനം ചെയ്യുന്നതിനുമുള്ള ജില്ലാതല സെല്ലിന്റെ പ്രവർത്തനം നിർജ്ജീവ മായ അവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) & (സി) | 15.10.2011-ലെ 3619/2011 നമ്പർ ഉത്തരവ് പ്രകാരം കാസർഗോഡ് ജില്ലയിൽ എൻഡോ സൾഫാൻ ദുരിതനിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാനും അവലോകനം ചെയ്യുന്നതിനും രൂപീകരിക്കപ്പെട്ട ജില്ലാതല സെൽ ഇതുവരെ യോഗം ചേർന്നിട്ടില്ല. ടി സർക്കാർ ഉത്തരവിൽ അവ്യ ക്തതയും അപാകതയും ഉണ്ടെന്നും ആയതിനാൽ സ്പഷ്ടീകരണം ആവശ്യ പ്പെട്ട് ജില്ലാ കളക്ടർ സർക്കാരിലേക്ക് കത്ത് അയയ്ക്കുകയും കൂടാതെ പരിസ്ഥിതി സന്നദ്ധ സംഘടനകളുടെ പ്രാതിനിധ്യം ഒഴിവാക്കി രൂപീകരിച്ച സമിതി ജനകീയ ജനാധിപത്യ കൂട്ടായ്മയ്ക്ക് വിരുദ്ധമാകുമെന്നും ഭയപ്പെട്ടു ന്നതിനാൽ രാഷ്ട്രീയ പ്രാതിനിധ്യം കൂടി |
| (ബി) | 15-10-2011-ലെ 3619/2011 നമ്പർ സർക്കാർ ഉത്തരവ് നടപ്പിലാക്കുന്ന തിനുള്ള തടസ്സമെന്തെന്ന് വ്യക്ത മാക്കാമോ; | | |
| (സി) | ജില്ലാതല സെൽ എന്നുതൊട്ട് പ്രവർത്തനക്ഷമമാകുമെന്നത് വ്യക്തമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | ഉറപ്പാക്കി നിലവിലുള്ള എൻഡോസൾഫാൻ വിക്ടിംസ് ആന്റ് റീഹാബിലിറ്റേഷൻ സെൽ ശാക്തീകരിക്കണമെന്നാവശ്യപ്പെട്ട് കാസർഗോഡ് ജില്ലാ പഞ്ചായത്ത് പ്രമേയം പാസാക്കി സർക്കാരിലേക്ക് സമർപ്പിച്ചിരിക്കുകയാണ്. ഈ വിഷയങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നതിനാലാണ് നിർദ്ദിഷ്ട സെൽ വിളിച്ചു ചേർക്കുന്നതിനുള്ള നടപടികൾ വൈകിയത്. പ്രവർത്തനം വൈകാതെ തുടങ്ങുന്നതാണ്. |

സെക്ഷൻ ഓഫീസർ